## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**5339** 27.07.2015-ലെ മറുപടിക്ക്

## ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവെയുടെ വീതി കൂട്ടുന്ന പ്രവൃത്തി

| | ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആറ്റിങ്ങൽ പട്ടണത്തിൽ നാഷണൽ ഹൈവെയുടെ വീതി കൂട്ടുന്നതിന് 22.75 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) | ആറ്റിങ്ങൽ നഗരത്തിൽ പൂവൻപാറ മുതൽ മൂന്നുമുക്ക വരെ 3 കി.മീ റോഡ് വികസനത്തിനായി 22.75 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഈ പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ഏറ്റെടുത്ത് നൽകാമെന്ന ആറ്റിങ്ങൽ നഗരസഭ ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പ്രകാരം റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഈ മാസം 9-ാം തീയതി പൊതുമരാമത്ത് വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | യോഗ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിക്കാവശ്യമായ ഭൂമി ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

ന്നാംബദ്ധo

**<u>ദേശീയപാത 47 (66)ൽ ആറ്റിങ്ങൽ ടൗണിന്റെ ഭാഗമായ പൂവൻപാറ മുതൽ മൂന്ന്മുക്ക് വരെയുള്ള ഭാഗത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി റോഡ് വീതികൂട്ടി വികസിപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ചർച്ച ചെയ്യുന്നതിനായി ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.07.2015 തീയതി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

യോഗം 11.00 മണിയ്ക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

1. ശ്രീ. ബി. സത്യൻ. എം. എൽ. എ
2. ശ്രീമതി. എസ്. കുമാരി, ചെയർപേഴ്സൺ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
3. ശ്രീ. എം. പ്രദീപ്, വൈസ്ചെയർമാൻ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
4. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ (NHs)
5. ശ്രീ. ജെ. മുഹമ്മദ് ഷാഫി, സെക്രട്ടറി, ആറ്റിങ്ങൽ മുൻസിപ്പാലിറ്റി
6. ശ്രീമതി. സ്മിത. എസ്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, NH Bypass, Sub Division.

ദേശീയപാതയിലെ പ്രസ്തുത ഭാഗത്തെ വികസന പ്രവർത്തനങ്ങൾക്കായുള്ള ജോലി ആരംഭിക്കുന്നതിനായി കരാറുകാർക്ക് പണി ടെൻഡർ ചെയ്ത് നൽകുന്നതിനായി ഭൂമി അടിയന്തിരമായി ഉടമസ്ഥരിൽ നിന്ന് ലഭ്യമാക്കേണ്ടതായുണ്ടെന്നും പെഗ്മാർക്ക് ചെയ്ത് അതിർത്തി തിരിക്കുന്ന ജോലി പൊതുമരാമത്ത് വകുപ്പ് ഒരു ആഴ്ചയ്ക്കകം പൂർത്തിയാക്കാമെന്നും അതിനു ശേഷം മുൻസിപ്പാലിറ്റി അധികൃതർ പ്രസ്തുത ഭൂമിയിലെ കെട്ടിടങ്ങളും മറ്റും പൊളിച്ച് മാറ്റി ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകേണ്ടതായുണ്ടെന്നും ചീഫ് എഞ്ചിനീയർ (ദേശീയപാതാ വിഭാഗം) അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭൂമി സൗജന്യമായി വിട്ട് തരുന്നതിന് 27 ഭൂവുടമസ്ഥരുടെ സമ്മത പത്രം ലഭിച്ചിട്ടുണ്ടെന്ന് മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ യോഗത്തിൽ അറിയിച്ചു. പ്രസ്തുത ഭൂമിയിലുള്ള കെട്ടിടങ്ങളും മറ്റും ബന്ധപ്പെട്ട ഉടമസ്ഥർ തന്നെ പൊളിച്ച് എടുത്തുകൊള്ളട്ടെയെന്നും ആയതിനുള്ള അനുവാദം നൽകണമെന്നും ബഹു.മന്ത്രി നിർദ്ദേശിച്ചു.

റോഡ് വികസനത്തിന് ആവശ്യമുള്ള ഭൂമിയിൽ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ കൈവശമുള്ള കുറച്ച് ഭാഗം കൂടി വേണ്ടി വരുമെന്ന് ചീഫ് എഞ്ചിനീയർ (ദേശീയപാതാ വിഭാഗം), പൊതുമരാമത്ത് വകുപ്പ് യോഗത്തിൽ അറിയിക്കുകയുണ്ടായി. പ്രസ്തുത ഭൂമി വിട്ടു കിട്ടുന്നതിനായി പെർമിസ്സീവ് സാങ്ഷൻ മതിയാകുമെന്ന് ബഹു.മന്ത്രി നിർദ്ദേശിക്കുകയും ടി അനുമതി ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട എം.എൽ.എ യും മുൻസിപ്പാലിറ്റി അധികൃതരും മറ്റ് ജനപ്രതിനിധികളും ഒത്തൊരുമിച്ച് ഒരു നിവേദനം ബഹു.ഗതാഗത വകുപ്പ മന്ത്രി മുമ്പാകെ സമർപ്പിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചു. ഇക്കാര്യത്തിലുള്ള അനുമതിയ്ക്കായി ഒരാഴ്ചയ്ക്കകം തന്നെ ഭൂമിയുടെ മാർക്കിങ്ങ് പൂർത്തിയാക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് അധികൃതരും ഉറപ്പ് നൽകി. 17.07.2015 ന് മുമ്പായി സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള മാർക്കിങ്ങ് പൂർത്തിയാക്കാമെന്ന് ചീഫ് എഞ്ചിനീയർ (ദേശീയപാതാ വിഭാഗം) അറിയിച്ചു.

താഴെ പറയുന്ന തീരുമാനങ്ങൾ യോഗം കൈക്കൊള്ളുകയുണ്ടായി.

1. പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഭൂമി അളന്ന് ലൈൻ മാർക്ക് ചെയ്യുന്ന ജോലി 17.07.2015 ന് മുമ്പായി PWD, NH വിഭാഗം കൈക്കൊള്ളേണ്ടതാണ്

2. കെ.എസ്.ആർ.ടി.സിയിൽ നിന്നും ലഭിക്കേണ്ട ഭൂമിയെ സംബന്ധിച്ച കാര്യം ബഹു.ഗതാഗത വകുപ്പ മന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സ്ഥലം എം.എൽ.എ യേയും മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സണേയും ചുമതലപ്പെടുത്തുകയുണ്ടായി.

3. ആവശ്യമായ സ്ഥലം മുനിസിപ്പാലിറ്റി ഏറ്റെടുത്തു നൽകിയാൽ ഉടൻ തന്നെ പ്രസ്തുത പ്രവൃത്തിയ്ക്കുള്ള ടെണ്ടർ നടപടി PWD, NH വിഭാഗം നടത്തേണ്ടതാണ്.

യോഗം 11.30 മണിയ്ക്ക് അവസാനിച്ചു.

സെക്ഷൻ ഓഫീസർ